**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** **13-07-2022 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇതു വരെ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക എത്രയാണെന്നും ഇത് കുടിശ്ശികയായത് എന്ന് മുതലാണെന്നും വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ വിവിധ വിഭാഗങ്ങളിൽ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക തുക ചുവടെ ചേർക്കുന്നു.<br>**വിഭാഗം തുക**<br>നിരത്തുകൾ, നിരത്തുപരിപാലനം & പാലങ്ങൾ<br>(01.11.2021 മുതൽ 30.04.2022 വരെ ) 1270.14 കോടി രൂപ<br>കെട്ടിടങ്ങൾ<br>(01.01.2021 മുതൽ 30.04.2022 വരെ ) 383.46 കോടി രൂപ |
| (ബി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ടെൻഡർ നടപടികൾ ഇല്ലാതെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (യു. എൽ. സി. സി. എസ്.) ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ടെണ്ടർ നടപടികൾ ഇല്ലാതെ ULCCS ന് നൽകുന്നതിന് പ്രത്യേകമായ ഉത്തരവുകൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ധനകാര്യവകുപ്പിന്റെ 17.01.2022 -ലെ ജി.ഒ.(പി)നം.7/2022/ഫിൻ പ്രകാരം ഒരു കോടി രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഭരണവകുപ്പിന് ടെണ്ടർ നടപടികൾ കൂടാതെ നോൺ പി.എം.സി. വിഭാഗത്തിലുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക്, എസ്റ്റിമേറ്റ് നിരക്കിൽ നൽകുന്നതിന് വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ULCCS, Non PMC വിഭാഗത്തിൽപ്പെടുന്ന ഏജൻസിയാണ്. |

സെക്ഷൻ ഓഫീസർ